A5/5413/19 ADIS /8/19

എൻ(2)/19756/2018/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം. തീയതി, 21/07/2019
ഫോൺ : 0471 2328438, 8330818477, 9496304015
ഇ-മെയിൽ : dgescholarship@gmail.com

## സർക്കുലർ

വിഷയം :- പൊതുവിദ്യാഭ്യാസം -- സ്കൂൾ രേഖകളിൽ കുട്ടികളുടെ ജാതി/സമുദായം രേഖപ്പെടുത്തുന്നത് - സംബന്ധിച്ച്

സൂചന :- 1) സർക്കാർ കത്ത് നമ്പർ ജി(3)/232/19/പൊ.വി.വ തീയതി, 20/05/2019

***

സംസ്ഥാനത്തെ വിവിധ സ്കൂളുകളിൽ (സർക്കാർ/എയ്ഡഡ്/അംഗീകാരമുള്ള അൺ എയ്ഡഡ് സ്കൂളുകൾ) പഠിക്കുന്ന കുട്ടികളുടെ സ്കൂൾ രേഖകളിലും, സ്കൂൾ അധികൃതർ നേരിട്ട് കുട്ടികൾക്ക് നൽകുന്ന വിടുതൽ സർട്ടിഫിക്കറ്റ്, അഡ്മിഷൻ രജിസ്റ്റർ പകർപ്പ് തുടങ്ങിയ രേഖകളിലും കുട്ടികളുടെ ജാതി/ഉപജാതി/സമുദായം/മതം എന്നിവ രേഖപ്പെടുത്തുമ്പോൾ വളരെയധികം തെറ്റുകൾ വരുത്തുന്നതായി ശ്രദ്ധയിൽപ്പെടുന്നു. ഇത്തരം രേഖപ്പെടുത്തലുകളിൽ തെറ്റുകൾ വരുത്താതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

സ്കൂൾ പ്രവേശനത്തിനായി ലഭിക്കുന്ന അപേക്ഷയിൽ കുട്ടികളുടെ ജാതി/ഉപജാതി/സമുദായം/മതം തുടങ്ങിയ വിവരങ്ങൾ അച്ഛൻ/അമ്മ/രക്ഷിതാവ് എന്നിവരിൽ നിന്നും കൃത്യമായി രേഖപ്പെടുത്തി വാങ്ങുകയും, പ്രസ്തുത വിവരങ്ങൾ ശ്രദ്ധയോടെ സ്കൂൾ രേഖകളിൽ ഉൾപ്പെടുത്തുകയും ചെയ്യേണ്ടതാണ്. കുട്ടികളുടെ ജാതി/ഉപജാതി/സമുദായം/മതം തുടങ്ങിയ വിവരങ്ങൾ തെറ്റായി രേഖപ്പെടുത്തിയാൽ ഉന്നതപഠനം/പി.എസ്.സി നിയമനം തുടങ്ങിയ കാര്യങ്ങളിൽ അവരുടെ അർഹമായ അവസരം/പ്രാതിനിധ്യം നഷ്ടപ്പെടാൻ കാരണമായേക്കാം. ആയതിനാൽ സ്കൂൾ രേഖകളിലും/സർട്ടിഫിക്കറ്റുകളിലും കുട്ടികളുടെ ജാതി/ഉപജാതി/മതം തുടങ്ങിയ പ്രധാന വിവരങ്ങൾ സൂക്ഷ്മതയോടെ രേഖപ്പെടുത്തേണ്ടതാണെന്ന് അറിയിക്കുന്നു.

5413
2/8

A5
5/8

*അഡീഷണൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ*
*പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി*

പകർപ്പ് :-
1. വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ, കൈറ്റ് – പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി
2. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
3. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
4. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
5. എല്ലാ സർക്കാർ/എയ്ഡഡ്/മറ്റ് അംഗീകാരമുള്ള സ്കൂളുകളിലെയും പ്രഥമാധ്യാപകർക്കും

എ5/5413/19 തീയതി /8/19
എല്ലാ പ്രധാനാധ്യാപകരുടേയും അറിവിലേക്കും അനന്തര നടപടികളിലേക്കുമായി നൽകുന്നു.

16/8/19

19/8/19
For DEO, Thrissur